# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1894 — 12.02.2013 ൽ മറുപടിക്ക്

### കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>ബഹു: മുഖ്യമന്ത്രി | |
| (എ) | കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, കൊച്ചി മെട്രോ റെയിൽ ഇവ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ: | (എ) | **I <u>കണ്ണൂർ വിമാനത്താവള പദ്ധതി:</u>**<br>പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചു. വിമാനത്താവള നിർമ്മാണ ത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു വരുകയും ചെയ്യുന്നു. സ്ഥലം ഏറ്റെടുക്കുന്ന തിനു ഫണ്ട് കണ്ടെത്തുന്നതിനായി അഞ്ചു ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കു കയും കിൻഫ്രയെ സ്ഥലം ഏറ്റെടുക്കുന്ന തിനായി നോഡൽ ഏജൻസിയായി നിയോഗി ക്കുകയും ചെയ്തു. വിമാനത്താവളത്തിന്റെ റൺവേ നിർമ്മിക്കുന്നതിനാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ടും മാസ്റ്റർപ്ലാനും തയ്യാറാ ക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)നെ നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തന ങ്ങൾക്ക് ഇന്റർഗ്രേറ്റഡ് പ്രോജക്റ്റ് കൺസൾട്ടൻസിയായി AECOM നെ നിയോഗിക്കുകയും ചെയ്തു. പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പഠനത്തിനായി CESS നെ നിയോഗിക്കുകയും CESS പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി 6.11.2012 ന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് പബ്ലിക് ഹിയറിംഗ് 18.12.2012 ന് പൂർത്തിയാക്കി 23.01.2013 ന് അന്തിമ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനയ്ക്കായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.<br><br>II **<u>കൊച്ചി മെട്രോ റെയിൽ പദ്ധതി:</u>**<br><br>കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് 12.7.2012 ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. ഇതേ തുടർന്ന് 2012 സെപ്റ്റംബർ 11 ന് കേന്ദ്ര കേരള സർക്കാരുകളുടെ തുല്യ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു. പദ്ധതിയ്ക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണത്തിൽ ഡി.എം.ആർ.സി. യുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുവേണ്ടി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് കേന്ദ്ര സർക്കാർ തയ്യാറാക്കി യിട്ടുണ്ട്. ഡി.എം.ആർ.സി യുമായുള്ള കരാറിന്റെ കരട് രൂപം തയ്യാറാക്കുന്നതിന് മാനേജിംഗ് ഡയറക്ടർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, സംസ്ഥാന ധനകാര്യവകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ സെക്രട്ടറി, കേന്ദ്ര നഗരവികസന വകുപ്പ് ജോയിന്റ് സെക്രട്ടറി, ബംഗ്ലൂർ മെട്രോ റെയിൽ ലിമിറ്റഡ് ഡയറക്ടർ എന്നിവർ അംഗങ്ങളായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡയറക്ടർ ബോർഡ് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള 'ടേംസ് ഓഫ് എൻഗേജ്മെന്റി'നെ അടിസ്ഥാനമാക്കി കരാർ ഉണ്ടാക്കുകയാണ് ഉപസമിതിയുടെ കർത്തവ്യം.<br><br>III **<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി:</u>**<br><br>വിഴിഞ്ഞം അന്താരാഷ്ട്ര പദ്ധതിയ്ക്കുള്ള പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പഠനം പൂർത്തിയാക്കി. ചില എൻ.ജി.ഒ കളുടേയും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻെറയും പരാതികളുടെ അടിസ്ഥാനത്തിൽ എല്ലാ വിശകലനങ്ങളും ഉൾപ്പെടുത്തി ഫെബ്രുവരി മാസത്തിൽ അന്തിമ റിപ്പോർട്ട് ഇന്റർനാഷണൽ ഫിനാഷ്യൽ കോർപ്പറേഷൻ ലഭ്യമാക്കുമെന്ന് തുറമുഖ കമ്പനിയെ അറിയിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കി ഉടനെ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് അനുമതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. അനുമതി ലഭ്യമായ ശേഷം മാത്രമേ തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിൻെറ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളു. സമാന്തരമായി വൈദ്യുതി, ജലം, എന്നീ അടിസ്ഥാന സൗകര്യങ്ങളും ഭൂമി ഏറ്റെടുക്കൽ ജോലികളും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കാസർഗോഡ്, ചീമേനി, ഗ്യാസ് ബെയ്സ്ഡ് പവർ പ്ലാന്റ് നിർമ്മാണത്തിന് ഏതെല്ലാം നട പടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കാസർഗോഡ് ചീമേനി ഗ്യാസ് ബേയ്സ്ഡ് പവർ പ്ലാന്റ് നിർമ്മാണത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി.<br>2. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി വാതകം അനുവദിക്കാനായി കേന്ദ്ര സർക്കാരിനെ സമീപിച്ചു.<br>3. പരിസ്ഥിതി പഠനങ്ങൾ പൂർത്തിയാക്കി പരിസ്ഥിതി ക്ലിയറൻസിനു വേണ്ടി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്റ്റിനെ സമീപിച്ചിട്ടുണ്ട്.<br>4. പദ്ധതി നടത്തിപ്പുകാരെ നിശ്ചയിക്കുന്നതിനായുള്ള കരട് ദർഘാസ് തയ്യാറാക്കി വൈദ്യുതി ബോർഡിന്റെ അംഗീകാരത്തിനു സമർപ്പിച്ചു.<br>5. മെഗാ പ്രോജക്ട് സ്റ്റാറ്റസ് കിട്ടുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകി.<br>6 ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ലഭ്യമാക്കുന്നതിനുള്ള കരാർ ''ഗെയിൽ ഇന്ത്യ'' യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിയ്ക്കുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്.<br>7. ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ച് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കൂടുതൽ ആയതിനാൽ കെ.എസ്.ഇ.ബി. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടാൻ തയ്യാറല്ല. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉള്ള കമ്മിറ്റി കെ.എസ്.ഇ.ബി യുടെ പവർ പർച്ചേസ് എഗ്രിമെന്റ് കൂടാതെ പദ്ധതി നടപ്പാക്കുന്നതിനായുള്ള മോഡലിനെക്കുറിച്ച് വിശകലനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള അനുമതിയ്ക്കുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച ഏതെല്ലാം നിർമ്മാണ പ്രവർത്തികൾ ഇനിയും ആരംഭിക്കാനുണ്ടെന്ന് വിശദമാക്കുമോ? | (സി) | വിവരം ശേഖരിച്ചു നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ